## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 948

29.09.2016 -ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അനിൽ അക്കര | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്രവിഹിതം കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ) | മത്സ്യത്തൊഴിലാളിക്ഷേമത്തിനായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ സമ്പാദ്യസമാശ്വാസ പദ്ധതി, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി, ഭവന നിർമ്മാണ പദ്ധതി എന്നിവയ്ക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ രണ്ടുവർഷം സംസ്ഥാനം ആവശ്യപ്പെട്ട തുകയിൽ എത്ര രൂപയാണ് കേന്ദ്രവിഹിതമായി ലഭിച്ചത്; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കഴിഞ്ഞ രണ്ട് വർഷം ലഭ്യമായ കേന്ദ്രവിഹിതം സംബന്ധിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ മത്സ്യമേഖലയെ കേന്ദ്രം അവഗണിക്കുന്നതായ പരാതി പരിഹരിക്കുവാൻ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | മത്സ്യമേഖലയിലെ കേന്ദ്രസർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരേണ്ട വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു നിവേദനം ബഹുമാനപ്പെട്ട കേന്ദ്ര കൃഷിമന്ത്രിയ്ക്ക് 14.06.2016 ലും 02.09.2016 ലും സമർപ്പിക്കുകയുണ്ടായി. ഇതിൽ ആഴക്കടൽ മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് 50% സബ്സിഡിയോടുകൂടി ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നൽകുന്നതിനും, സംസ്ഥാനത്തിന്റെ അധികാര പരിധി 36 നോട്ടിക്കൽ മൈൽ ആക്കുന്നതിനും, സംസ്ഥാനത്തെ മുഴുവൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ആവശ്യമായ മണ്ണെണ്ണ വിഹിതം നൽകുന്നതിനും, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഭവന നിർമ്മാണ പദ്ധതിയുടേയും, സമ്പാദ്യസമാശ്വാസ |

| | | |
|---|---|---|
| | | പദ്ധതിയുടേയും ധനസഹായത്തുക വർദ്ധിപ്പിക്കുന്നതിനും, തീരദേശ റോഡുകളുടെ നിർമ്മാണത്തിനുള്ള ധനസഹായത്തിനും, കടലാക്രമണത്തെ പ്രകൃതി ദുരന്തത്തിൽ ഉൾപ്പെടുത്തുന്നതിനും, സംസ്ഥാനത്ത് ഡ്രഡ്ജറുകൾ വാങ്ങുന്നതിന് ധനസഹായത്തിനും മത്സ്യകർഷകർക്ക് കൃഷിക്കും നൽകുന്ന പോലെ കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനും, ഉൾനാടൻ മേഖലയിലെ പദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടാണ് ടി നിവേദനങ്ങൾ നൽകിയത്. ഇതിനെതുടർന്ന് സമ്പാദ്യസമാശ്വാസ പദ്ധതിയുടെ ധനസഹായ തുക 2700 ൽ നിന്ന് 4500 രൂപയായും ഭവന നിർമ്മാണ പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 75,000/- രൂപയിൽ നിന്ന് 1,20,000/- രൂപയായുംവർദ്ധിപ്പിച്ച് ലഭിച്ചിട്ടുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിലെ പദ്ധതികളായ മത്സ്യക്കുളം നിർമ്മാണം/പുനരുദ്ധാരണം, നൂതന മത്സ്യകൃഷിരീതികൾ എന്നിവയുടെ യൂണിറ്റ് കോസ്റ്റും വർദ്ധിപ്പിച്ച് 2016-17 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചെങ്കിലും മൊത്തം അനുവദിച്ച യൂണിറ്റുകളുടെ എണ്ണത്തിൽ കേന്ദ്രസർക്കാർ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. ഈ പ്രശ്നവും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പദ്ധതിയുടെ പേര് | സാമ്പത്തിക വർഷം | കേന്ദ്ര വിഹിതം | കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ട തുക (ലക്ഷത്തിൽ) | കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച തുക (ലക്ഷത്തിൽ) | കേന്ദ്രവിഹിതം ബാക്കി ലഭിക്കാനുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| ഭവന നിർമ്മാണ പദ്ധതി | 2014-15 | 50:50 | 300 | NIL | 300 |
| | 2015-16 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല. | | NIL | NIL | NIL |
| ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി | 2014-15 | 50:50 | 23:95 | 23:95 | NIL |
| | 2015-16 | | 24:37 | 24:37 | NIL |
| സമ്പാദ്യസമാശ്വാസ പദ്ധതി | 2014-15 | 50:50 | 1058.99 | 105.90 | 953.09 |
| | 2015-16 | | 1640.47 | NIL | 1640.47 |

(ഒപ്പ്)

സെക്ഷൻ ഓഫീസർ